CIER

# അക്കാദമിക് പ്ലാൻ

## 2024-2025



www.cier.co.in

بسم الله الرحمن الرحيم

പ്രിയ അധ്യാപകരേ,

പഠിതാവിന്റെ ജീവിതത്തെ സമഗ്രമായി സംസ്കരിക്കപ്പെടേണ്ട മതവിദ്യാഭ്യാസ പ്രക്രിയയിൽ വിദ്യാഭ്യാസ-മനശ്ശാസ്ത്ര തത്വങ്ങളും സമീപനങ്ങളും അവയ്ക്കനുസൃതമായ ബോധനരീതികളും സങ്കേതങ്ങളും ആവിഷ്കരിക്കപ്പെടേണ്ടതുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് കോഴിക്കോട് ആസ്ഥാനമായി 'കൗൺസിൽ ഫോർ ഇസ്‌ലാമിക് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്' CIER എന്ന പേരിൽ ഒരു വിദ്യാഭ്യാസ സമിതിക്ക് രൂപംനൽകിയത്. ഇസ്‌ലാമിക വിദ്യാഭ്യാസം എന്തായിരിക്കണമെന്നും എങ്ങനെയായിരിക്കണമെന്നും പുനർനിർവചിച്ചുകൊണ്ട് ധാർമിക വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ പരിഷ്കരണ പ്രവർത്തനങ്ങളുമായി സി ഐ ഇ ആർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു.

ധാർമിക വിദ്യാഭ്യാസം ഫലദായകമാക്കുന്നതിനായി മലയാളത്തിലും ഇംഗ്ലീഷിലും ശിശുസൗഹൃദപരമായ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ച സി ഐ ഇ ആർ അധ്യാപനം എളുപ്പവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി അധ്യാപക സഹായികളും പഠിതാക്കൾക്ക് പഠന പരിശീലനത്തിനായി വർക്കുബുക്കുകളും മറ്റ് പഠനോപകരണങ്ങളും പുറത്തിറക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും കാര്യക്ഷമവുമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകമായതും ഈ അധ്യയന വർഷത്തിലുടനീളം ശ്രദ്ധിക്കേണ്ടതുമായ നിർദേശങ്ങളും വാർഷികാസൂത്രണ രേഖയും ഇതോടൊന്നിച്ച് തയ്യാറാക്കി നല്കുന്നു. ചിന്താശേഷിയെ ശക്തിപ്പെടുത്തി വിദ്യാഭ്യാസപ്രക്രിയ കൂടുതൽ എളുപ്പമാക്കുന്നതിന്നാവശ്യമായ പ്രവർത്തനങ്ങൾക്ക് വേണ്ടി ഇത് ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

പുതു തലമുറയ്ക്ക് ദിശാബോധം നൽകാനായി തുടക്കം കുറിച്ച ഈ സദുദ്യമത്തിന്റെ വിജയത്തിനായി എല്ലാ അധ്യാപകരും ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യുമല്ലോ.

സർവശക്തൻ അനുഗ്രഹിക്കട്ടെ!

കോഴിക്കോട്
20-05-2024

ചെയർമാൻ
CIER

# ഉള്ളടക്കം

1. നിർദേശങ്ങൾ
2. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ
3. പാഠപുസ്തകങ്ങൾ
4. വാർഷികാസൂത്രണ രേഖ
5. പരീക്ഷാ വിവരങ്ങൾ

# നിർദേശങ്ങൾ

## അക്കാദമികം

1. പഠനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്നായി മുന്നൊരുക്കങ്ങൾ നടത്തുകയും മാനേജ്മെന്റിന്റെയും അധ്യാപകരുടെയും സംയുക്ത യോഗം ചേർന്ന് പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യുക.
2. ചുരുങ്ങിയ പ്രവൃത്തി സമയം ദിവസത്തിൽ 1 മണിക്കൂർ 30 മിനിട്ട് ഉണ്ടാവണം. 40 മിനുട്ടിന്റെ രണ്ട് പിരീഡിനു പുറമെ ആദ്യത്തെ 10 മിനുട്ട് ഖുർആൻ പാരായണത്തിന് ഉപയോഗപ്പെടുത്തണം. ഹോളിഡേ സ്ഥാപനങ്ങൾ മാസത്തിൽ 24 മണിക്കൂറെങ്കിലും പൂർത്തിയാക്കുന്ന വിധം ക്ലാസ് രൂപപ്പെടുത്തണം.
3. വിദ്യാർഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ, വർക്ക് ബുക്കുകൾ, അധ്യാപക സഹായികൾ, സ്ഥാപനത്തിലേക്കാവശ്യമായ അറ്റൻഡൻസ്-ടീച്ചേഴ്സ് രജിസ്റ്ററുകൾ തുടങ്ങിയവ നേരത്തെ തന്നെ വാങ്ങിക്കാൻ ശ്രദ്ധിക്കുക.
4. മാസത്തിലൊരിക്കൽ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് അക്കാദമിക്പ്ലാനിന്റെ സഹായത്തോടെ പാഠഭാഗങ്ങൾ മുൻകൂട്ടി കൃത്യമായി ആസൂത്രണംചെയ്ത് മാത്രം അധ്യാപനം നടത്തുക.
5. പഠനം കൂടുതൽ രസകരവും കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്നതുമാക്കാൻ പരമാവധി ശ്രമിക്കുകയും സംക്ഷിപ്തമായി നോട്ടുകൾ നൽകുകയും ചെയ്യുക. ഹോംവർക്കുകൾ നൽകുകയും അവ പരിശോധിക്കുകയും ചെയ്യുക.
6. പഠനം കൂടുതൽ കാര്യക്ഷമമായി നടക്കാൻ വേണ്ടി സി ഐ ഇ ആർ തയ്യാറാക്കിയ വർക്ക്ബുക്കുകൾ വിദ്യാർഥികൾക്കെത്തിക്കുകയും അവയിലെ പഠനപ്രവർത്തനങ്ങൾ കൃത്യമായി നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
7. വിദ്യാർഥികൾ മുൻ ക്ലാസിൽ നിന്ന് ഹൃദിസ്ഥമാക്കിയ സൂറത്തുകളും പ്രാർഥനകളും ഓരോ ക്ലാസിലും പ്രാരംഭ സമയത്ത് ആവർത്തിക്കേണ്ടതാണ്.
8. പഠിച്ചവ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ വേണ്ടി നമസ്കാരം, വുദൂഅ്, പ്രാർഥനകൾ, മയ്യിത്ത് നമസ്കാരം, വിവിധ മര്യാദകൾ തുടങ്ങിയവ പ്രാക്ടിക്കലായി തന്നെ പരിശോധിക്കുക. ഇവ ദൃശ്യമാധ്യമങ്ങൾ വഴി കാണിക്കാനുള്ള സംവിധാനവും ഒരുക്കുക.
9. ഖുർആൻ പാരായണത്തിൽ വളരെ അനിവാര്യമായി ശ്രദ്ധിക്കേണ്ട പാരായണ നിയമങ്ങൾ മനസ്സിലാക്കുകയും അവ കുട്ടികൾക്ക് പകർന്നു കൊടുക്കുകയും ചെയ്യുക. ഖുർആൻ ഓതാൻ ശീലിച്ചുകഴിഞ്ഞാൽ ആവർത്തിച്ചു പാരായണം ചെയ്യാൻ പ്രചോദനം നൽകുകയും തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുക. കുട്ടി അക്ഷരങ്ങൾ മനസ്സിലാക്കി വായിക്കാതെ ഹൃദിസ്ഥമാക്കുക മാത്രമാണോ ചെയ്യുന്നതെന്നത് പ്രത്യേകം ശ്രദ്ധിക്കേതുണ്ട്. ഖുർആൻ പാരായണം, ഹിഫ്ള് എന്നിവ മത്സരങ്ങൾ നടത്തി നിലവാരം ഉയർത്താൻ

ശ്രദ്ധിക്കുക. കുട്ടികൾക്ക് കൂടുതൽ ഉപകാരപ്രദമായ ''വിശുദ്ധഖുർആൻ വഴിയും വെളിച്ചവും'' എന്ന QLS ന്റെ ഒന്നും രണ്ടും പാഠപുസ്തകങ്ങൾ തർജുമക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

10. പാഠ്യാനുബന്ധ പ്രവർത്തനങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ആസൂത്രണം ചെയ്യുക. അവയുടെ ഫോട്ടോ എടുത്ത് സൂക്ഷിക്കുകയും സോഷ്യൽ മീഡിയയിൽ ആവശ്യമായവ പ്രചരിപ്പിക്കുകയും ചെയ്യുക.
11. രണ്ട് മാസത്തിലൊരിക്കൽ പൊതു വിഷയങ്ങളും ഇസ്‌ലാമിക വിഷയങ്ങളും ഉൾപ്പെടുത്തി പ്രശ്നോത്തരി നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുക.
12. കുട്ടിയുടെ കഴിവുകളെ കൃത്യമായി കണ്ടെത്തുന്നതിന്നായി നിരന്തര മൂല്യ നിർണയം നടപ്പിലാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ഓരോ പാഠഭാഗം കഴിയുമ്പോഴും അതിനെ അടിസ്ഥാനമാക്കി പഠനപ്രവർത്തനങ്ങൾ തയ്യാറാക്കുക. ടീച്ചിംഗ് മാന്വൽ തയ്യാറാക്കുമ്പോൾ തുടർ മൂല്യനിർണയ മേഖലകൾ കൂടി അതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇസ്‌ലാമിക ജീവിതചര്യ, അറബി ഭാഷാപഠനം, ഇസ്‌ലാമിക ചരിത്രങ്ങൾ, ഖുർആൻ, തജ്‌വീദ് തുടങ്ങിയവയിൽ മത്സരങ്ങൾ, ചുമർ പത്രിക നിർമാണം, പ്രബന്ധരചന, ചർച്ചകൾ, വിലയിരുത്തലുകൾ തുടങ്ങിയവ നടത്തുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുക.
13. വിദ്യാർഥികൾക്ക് സി ഐ ഇ ആർ തയ്യാറാക്കിയ ഡയറി വാങ്ങിച്ചു കൊടുക്കുകയും വിലയിരുത്തലുകൾക്ക് വിധേയമാക്കുകയും ചെയ്യുക.
14. ഓരോ പരീക്ഷ കഴിയുമ്പോഴും ഡയറിയിൽ വിദ്യാർഥികളുടെ പ്രകടനങ്ങൾ രേഖപ്പെടുത്തി രക്ഷിതാക്കളെ ബോധ്യപ്പെടുത്താൻ ശ്രദ്ധിക്കുക.
15. വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും രക്ഷിതാക്കളുടെ യോഗം വിളിച്ചു ചേർത്ത് പഠന പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും ആവശ്യമായ പരിഹാര ബോധന നടപടികൾ സ്വീകരിക്കുകയും ചെയ്യുക. ആറ് മാസത്തിലൊരിക്കൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ആവശ്യമായ മോട്ടിവേഷൻ ക്ലാസുകളും ശരിയായ രക്ഷാകർതൃത്വത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകളും മനശ്ശാസ്ത്ര ക്ലാസുകളും സംഘടിപ്പിക്കുക.
16. എല്ലാ മാസവും രണ്ടാം ശനിയാഴ്ചയോ മറ്റ് സൗകര്യപ്രദമായ ദിവസമോ സാഹിത്യ സമാജങ്ങൾ നടത്തുക. കുട്ടികളെ ടീമുകളായി തിരിക്കുകയും ഓരോ ടീമിനും കലാ സാഹിത്യ മത്സരങ്ങൾക്ക് മികച്ച പരിശീലനം നൽകുകയും ചെയ്യുക.
17. വിദ്യാർഥികൾ വിദ്യാലയത്തിലേക്ക് വരുമ്പോൾ വിലകൂടിയ ആഭരണങ്ങൾ ധരിക്കാൻ പാടുള്ളതല്ലെന്നും വൃത്തിയുള്ളതും ഇസ്‌ലാമികവുമായ വസ്ത്രങ്ങൾ ധരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും കുട്ടികളെയും രക്ഷിതാക്കളെയും ബോധ്യപ്പെടുത്തുക.

## ഭരണപരം

1. ഓരോ ക്ലാസിലെയും വിദ്യാർഥികളുടെ എണ്ണം(ആൺ/പെൺ വേർതിരിച്ച്),

ആകെ കുട്ടികളുടെ എണ്ണം, അധ്യാപകരുടെ എണ്ണം എന്നിവ വ്യക്തമാക്കുന്ന ബോർഡുകൾ ഓഫീസിൽ പ്രദർശിപ്പിക്കുക.

2. ഇതുവരെ സി ഐ ഇ ആർ അംഗീകാരം നേടിയിട്ടില്ലാത്തവർ രജിസ്ട്രേഷന് പ്രത്യേക ഫോർമാറ്റിൽ അപേക്ഷിച്ച് അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്. അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾ ഓരോ 2 വർഷം കൂടുമ്പോഴും അംഗീകാരം പുതുക്കേണ്ടതാണ്.
3. ജൂൺ 10ന് അഡ്മിഷൻ പൂർത്തീകരിച്ച് ജൂൺ 26ന് മുമ്പായി ഓഫീസിൽ കിട്ടത്തക്ക വിധം സ്ഥിതിവിവര ഫോറം വ്യക്തമായി പൂരിപ്പിച്ച് അയക്കുക.
4. ഓരോ സ്ഥാപനങ്ങളിലേക്കുമുള്ള അറിയിപ്പുകൾ അതാത് സമയത്ത് വാട്സാപ്പ് മുഖേനയാണ് അറിയിക്കുക. ആയതിന് സ്ഥിരമായി ലഭ്യമാകുന്ന വാട്സാപ്പ് നമ്പർ സ്ഥിതിവിവര ഫോറത്തിലും ഇന്റന്റിലും നല്കുക.
5. താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഓരോ സ്ഥാപനത്തിലും ഉണ്ടായിരിക്കേണ്ടതാണ്. a. അംഗീകാര സർട്ടിഫിക്കറ്റ് (ഫ്രെയിം ചെയ്ത് പ്രദർശിപ്പിച്ചത്) b. അഡ്മിഷൻ രജിസ്റ്റർ, c. അഡ്മിഷൻ ഫോറം, d. വിദ്യാർഥികളുടെ ഹാജർ പട്ടിക e. ടി.സി.ഫയൽ, f. ടൈംടേബ്ൾ, g. വിദ്യാഭ്യാസ കലണ്ടർ, h. അധ്യാപകരുടെ ഒപ്പുപട്ടിക, i. ശമ്പള വിതരണ രജിസ്റ്റർ, j. മെമ്മോ ബുക്ക്, k. സന്ദർശക ഡയറി l. ടി.സി. ബുക്ക്, m. മാർക്ക് രജിസ്റ്റർ, n.ഫയൽ (കത്തുകൾ out word inword) o. ക്ഷമതാരേഖ, p. ലെറ്റർ ഹെഡ്, q. സീൽ, r. സമീപന രേഖ, s. പാഠപുസ്തകങ്ങൾ, t. അധ്യാപക സഹായികൾ, u. പി ടി എ മിനുട്സ്, v. എം പി ടി എ മിനുട്സ്, w. സ്റ്റാഫ് കൗൺസിൽ മിനുട്സ്, x. വർക്ക് ബുക്കുകൾ
6. എല്ലാ ക്ലാസുകളുടെയും ഹാന്റ്ബുക്കുകൾ സ്ഥാപനത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
7. പാഠപുസ്തക സഹായ വസ്തുക്കളായ കാർഡുകൾ, ചാർട്ടുകൾ, മറ്റു ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഓരോ ക്ലാസിലേക്കും ആവശ്യമായ വർക്ക് ബുക്കുകൾ എന്നിവ ആവശ്യമായത്രയും സ്ഥാപനത്തിലുണ്ടെന്ന് ഉറപ്പുവരുത്തുക.
8. സ്റ്റാഫ് മീറ്റിംഗ് ചേർന്ന് കുട്ടികളുടെ പഠന നിലവാരം ഓരോ മാസവും വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദേശങ്ങൾ രക്ഷിതാക്കൾക്ക് നൽകുകയും ചെയ്യുക. അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ പാഠപുസ്തകങ്ങൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്താൻ ശ്രമിക്കുക.
9. സി ഐ ഇ ആർ പരീക്ഷകൾ മൂന്ന് ടേമുകളിലായാണ് നടക്കുക. ഒന്നാമത്തെ ടേം പരീക്ഷ സപ്തംബറിലും രണ്ടാം ടേം ജനുവരിയിലും മൂന്നാം ടേം പൊതുപരീക്ഷയടക്കം ഏപ്രിലിലും നടത്താൻ **സി ഐ ഇ ആർ** ചോദ്യപേപ്പർ അയച്ചു തരുന്നതാണ്.
10. പരീക്ഷാഫീസ് ജൂലൈ മാസത്തിലും, പൊതുപരീക്ഷാ രജിസ്ട്രേഷൻ ഫീ ജനുവരി മാസത്തിലുമായാണ് സമാഹരിക്കുക.
11. പരീക്ഷാ ഫീ ഘടന താഴെ പറയുന്നു. ഒന്നാം ക്ലാസ്: 75 രൂപ. രണ്ടാം ക്ലാസ്: 100 രൂപ. മൂന്നാം ക്ലാസ്: 125 രൂപ. നാലാം ക്ലാസ്: 150 രൂപ. അഞ്ചാം ക്ലാസ്: 100 രൂപ. (പൊതുപരീക്ഷ ഒഴികെ), ആറാം ക്ലാസ് 150 രൂപ. ഏഴാം ക്ലാസ് 100 രൂപ.

(പൊതുപരീക്ഷ ഒഴികെ) എട്ടാം ക്ലാസ് 125 രൂപ. എല്ലാ ക്ലാസുകളിലെയും ഫീസ് ശേഖരിച്ച് ഇതോടൊപ്പം അയയ്ക്കുന്ന ഇന്റന്റ് ഫോറം കൃത്യമായി പൂരിപ്പിച്ച് അവ ജൂലൈ 31നകം ഓഫീസിൽ എത്തിക്കേണ്ടതാണ്. പൊതുപരീക്ഷാ ഫീസ് ഓരോ കുട്ടിക്കും 200 രൂപ വീതം 2025 ജനുവരി മാസത്തിൽ രജിസ്ട്രേഷനോടൊപ്പം അടക്കേണ്ടതാണ്.

12. സർഗോത്സവ് ഫണ്ടിലേക്ക് ഒരു വിദ്യാർഥിയിൽ നിന്ന് 100 രൂപ വീതം സമാഹരിച്ച് സംസ്ഥാന കമ്മിറ്റിക്ക് നൽകണം. ഇത് പരീക്ഷാഫീസിന്റെ കൂടെയാണ് നൽകേണ്ടത്. ഒരു വീട്ടിൽ നിന്ന് ഒന്നിലധികം വിദ്യാർഥികൾ ഉണ്ടെങ്കിൽ ഒരാളിൽ നിന്ന് ഫണ്ട് ശേഖരിച്ചാൽ മതി.
13. പരീക്ഷാ ടൈംടേബിളും അനുബന്ധ നിർദേശങ്ങളും അതാത് സമയത്ത് അയച്ചുതരുന്നതാണ്.
14. വാർഷികാസൂത്രണ രേഖയിൽ കാണിച്ചിട്ടുള്ള ഖുർആൻ, ഹിഫ്ദ്, തജ്‌വീദ്, തർജുമ, പ്രാർഥനകൾ തുടങ്ങിയ പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ അവസരം ലഭിക്കത്തക്കവിധം ടൈംടേബിൾ തയ്യാറാക്കേണ്ടതാണ്.
15. ഓരോ സ്കൂളിന്റെയും സമയക്രമത്തിന്നനുസരിച്ച് മേൽപറഞ്ഞ നിർദേശങ്ങളിൽ മാറ്റം വരുത്തി പ്രവർത്തനങ്ങൾ ക്രമീകരിക്കാവുന്നതാണ്.
16. സമൂഹത്തിൽ പ്രയാസമനുഭവിക്കുന്ന അധ്യാപകരെ സഹായിക്കുന്നതിന്നായി സി ഐ ഇ ആർ രൂപംനൽകിയ അധ്യാപക ക്ഷേമനിധി ഫണ്ടിലേക്ക് വിദ്യാർത്ഥികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും കലക്ഷൻ നടത്തേണ്ടതാണ്. ഇതിനാവശ്യമായ നിർദേശങ്ങളും സമയക്രമവും റസീറ്റുകളും അതാത് സമയത്ത് അയച്ചുതരുന്നതാണ്.
17. ജൂൺ ആദ്യവാരത്തിൽ മദ്റസ സ്റ്റുഡന്റ്സ് കൗൺസിൽ രൂപീകരിക്കുക.

## പിന്തുണാ സംവിധാനം

1 പുതിയ വർഷത്തെ പി ടി എ, എം പി ടി എ എന്നിവ 25-06-2024ന് മുമ്പായി രൂ പീകരിക്കുകയും മാസത്തിലൊരിക്കൽ യോഗം ചേർന്ന് സ്ഥാപനത്തിലെ പഠനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യുക.

2 പൊതുപരീക്ഷാ വിജയികളെയും മറ്റു പ്രതിഭകളെയും ആദരിക്കുക. ഈ പരിപാടി മാനേജ്മെന്റിന്റെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ സംഘടിപ്പിക്കുക.

3 മാനേജ്മെന്റുമായും സഹപ്രവർത്തകരുമായും രക്ഷിതാക്കളുമായും കുട്ടികളുമായും മെച്ചപ്പെട്ട സുഹൃദ്ബന്ധം സ്ഥാപിക്കുക.

4 ചാർട്ടുകൾ, ലാപ്ടോപ്, സി ഡി പ്രൊജക്റ്റർ തുടങ്ങിയവ ഫലപ്രദമായി ഉപയോഗിക്കുക. ഇതിനായി മാനേജ്മെന്റിന്റെ സഹകരണം തേടുക.

5. ഓരോ സ്ഥാപനത്തിലും ലൈബ്രറി ആരംഭിക്കുകയും ഇതുവഴി വായനാശീലം വർധിപ്പിക്കുകയും ചെയ്യുക.

6. കുട്ടികൾക്ക് ആവശ്യമായ ഇരിപ്പിടങ്ങൾ കൃത്യമായ ചിട്ടയോടെ സംവിധാ

നിക്കുകയും ക്ലാസുകൾ പ്രാർഥനയോടെ ആരംഭിക്കുകയും ചെയ്യുക. എല്ലാ ദിവസങ്ങളിലും കുട്ടികളുടെ ഹാജർ രേഖപ്പെടുത്തുക.

7. രക്ഷിതാക്കൾക്ക് കുട്ടികളുടെ രക്ഷാകർതൃത്വത്തെപ്പറ്റി ബോധ്യപ്പെടുത്താവുന്ന തരത്തിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുക. അതിന്റെ തിയ്യതി കലണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'തൻശിഅ' എന്ന പേരിലാണ് ഇത് സംഘടിപ്പിക്കേണ്ടത്.

## 2024 - 25ലെ അവധി ദിനങ്ങൾ

| | |
|---|---|
| ജൂൺ 16 -21 | : ഈദുൽ അദ്ഹാ അവധി |
| ജൂലൈ 15,16 | : ആശൂറാ അവധി |
| ആഗസ്റ്റ് 15 | : സ്വാതന്ത്ര്യ ദിനം |
| ഡിസംബർ 27-29 | : പ്രത്യേക അവധി |
| ജനുവരി 26 | : റിപ്പബ്ലിക് ദിനം |
| മാർച്ച് 1-7 | : റമദാൻ പ്രാരംഭ അവധി |
| മാർച്ച് 28- ഏപ്രിൽ 4 | : ഈദുൽ ഫിത്വ്ർ അവധി |
| ഏപ്രിൽ 18-മെയ് 31 | : മധ്യവേനലവധി |

| മാസം | സാധ്യായ ദിവസങ്ങൾ | അവധി ദിവസങ്ങൾ | ആകെ |
|---|---|---|---|
| ജൂൺ | 21 | 9 | 30 |
| ജൂലൈ | 25 | 6 | 31 |
| ആഗസ്റ്റ് | 25 | 6 | 31 |
| സപ്തംബർ | 26 | 4 | 30 |
| ഒക്ടോബർ | 27 | 4 | 31 |
| നവംബർ | 25 | 5 | 30 |
| ഡിസംബർ | 25 | 6 | 31 |
| ജനുവരി | 25 | 6 | 31 |
| ഫെബ്രുവരി | 24 | 4 | 28 |
| മാർച്ച് | 18 | 13 | 31 |
| ഏപ്രിൽ | 12 | 18 | 30 |
| മെയ് | 0 | 31 | 31 |

*NB : സർക്കാർ പ്രത്യേകം നൽകുന്ന അവധികൾ മദ്റസകൾക്കും ബാധകമാണ്.*

## പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

| | |
|---|---|
| 1 ജൂൺ 05 | : പരിസ്ഥിതി ദിനാചരണം |
| 2 ജൂൺ 08 | : സ്റ്റുഡന്റ്സ് കൗൺസിൽ രൂപീകരണം |
| 3 ജൂൺ 23 | : തൻശിഅ |
| 4 ജൂലൈ 13 | : സാഹിത്യ സമാജം ഉദ്ഘാടനം |
| 5 ജൂലൈ 28 | : മഹാറ സെഷൻ 1 |
| 6 ആഗസ്റ്റ് 15 | : സ്വാതന്ത്ര്യദിനാഘോഷം |
| 7 ആഗസ്റ്റ് 24-25 | : സർഗോത്സവ് പ്രാദേശിക തലം |
| 8 ഒക്ടോബർ 12 | : കായികമേള |
| 9 ഒക്ടോബർ 27 | : മഹാറ സെഷൻ 2 |
| 10 നവംബർ 9,10 | : സർഗോത്സവ് മണ്ഡലം തലം |
| 11 ഡിസംബർ 14,15 | : സർഗോത്സവ് ജില്ലാ തലം |
| 12 ഡിസംബർ 18 | : അറബിഭാഷാ ദിനാചരണം |
| 13 ഡിസംബർ 21 | : പഠന യാത്ര |
| 14 ജനുവരി 12 | : വിചാരം വിജ്ഞാന പരീക്ഷ |
| 15 ജനുവരി 18 | : മഹാറ സെഷൻ 3 |
| 16 ജനുവരി 26 | : റിപ്പബ്ലിക് ദിനാഘോഷം |
| 17 ഫെബ്രുവരി 8,9 | : സർഗോത്സവ് സംസ്ഥാന തലം |
| 18 ഫെബ്രുവരി 16 | : മാഗസിൻ പ്രകാശനം |
| 19 ഫെബ്രുവരി 23 | : പ്രതിഭ പരീക്ഷ സംസ്ഥാന തലം |
| 20 മാർച്ച് 12 | : ഖുർആൻ ക്വിസ് |
| 21 മാർച്ച് 26,27 | : തജ്‌വീദ് ഹിഫ്ള് മത്സരം |

### ● പരിസ്ഥിതി ദിനാചരണം ''ശജറതീ''

വിദ്യാർത്ഥികൾ ജൂൺ അഞ്ചിന് മരം നടുകയും അതിന്റെ ഫോട്ടോ ക്ലാസ് അധ്യാപകന് അയച്ചു കൊടുക്കുകയും ചെയ്യുന്നു. തുടർന്ന് ഓരോ മാസവും മരത്തിന്റെ വളർച്ച കാണിക്കുന്ന ഫോട്ടോ അധ്യാപകന് അയച്ചുകൊണ്ടിരിക്കുന്നു. അടുത്തവർഷം പരിസ്ഥിതി ദിനത്തിൽ പരിചരണത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥിക്ക് ഉപഹാരങ്ങൾ നൽകുന്നു. മരം നടുകയും അത് പരിപാലിക്കുകയും വേണമെന്ന ആശയം കുട്ടികളിലേക്ക് കൈമാറുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ''ശജറതീ'' എന്നാണ് ഇതിന് നാമകരണം ചെയ്തിരിക്കുന്നത്.

**● സ്റ്റുഡന്റ്സ് കൗൺസിൽ**
മദ്റസ ലീഡർ, സാഹിത്യ സമാജം സെക്രട്ടറി, മാഗസിൻ എഡിറ്റർ, ക്ലാസ് ലീഡർ എന്നീ സ്ഥാനങ്ങളിലേക്ക് വിദ്യാർഥി പ്രതിനിധികളെ തെരഞ്ഞെടുക്കുക.

**● തൻശിഅ**
രക്ഷാകർതൃ ബോധന പരിപാടിയാണ് തൻശിഅ. പുതിയ കാലത്ത് രക്ഷിതാവിന്റെ ദൗത്യങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്താനും മദ്റസ പഠനത്തിൽ രക്ഷിതാക്കളുടെ പങ്കിനെ കുറിച്ച് വിശദമാക്കാനും സഹായിക്കുന്ന രക്ഷാകർതൃ പരിശീലന പരിപാടി. പ്രാദേശികമായ ആർ പി മാരെ ഇതിനായി ഉപയോഗപ്പെടുത്താം. രണ്ട് മണിക്കൂർ നീണ്ടു നിൽക്കുന്നതായിരിക്കണം ഈ പരിപാടി. ഇതോടൊപ്പം പി ടി എ, എം പി ടി എ എന്നിവയുടെ തെരഞ്ഞെടുപ്പും നടക്കണം.

**● സാഹിത്യ സമാജ ഉദ്ഘാടനം**
എല്ലാ മാസവും നടക്കേണ്ട സാഹിത്യ സമാജങ്ങളുടെ ഉദ്ഘാടനമാണ് ജൂലൈ 13ന് നടത്തേണ്ടത്. നാട്ടിലെ സാഹിത്യാഭിരുചിയുള്ള ഒരു പ്രമുഖ വ്യക്തിയെ പങ്കെടുപ്പിച്ചുകൊണ്ട് ഇത് നടത്താൻ ശ്രദ്ധിക്കുക.

**● 'മഹാറ' ലൈഫ് സ്കിൽ പരിശീലനം**
വിദ്യാർത്ഥികളുടെ ജീവിത നൈപുണി ശേഷികൾ വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മഹാറ ഈ വർഷം നമസ്കാരത്തിന്റെ പ്രായോഗിക പരിശീലനമാണ് ലക്ഷ്യമാക്കുന്നത്. ഒന്നാം ടേമിൽ 3 മുതൽ 8വരെയുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തി 4 മണിക്കൂർ നീണ്ടുനിൽക്കുന്ന ക്യാമ്പ് സംഘടിപ്പിക്കുക. ക്യാമ്പിൽ നമസ്കാരത്തിന്റെ നിബന്ധനകൾ രൂപം പ്രാർത്ഥനകൾ എന്നിവ പ്രവർത്തനാധിഷ്ഠിതമായി പരിശീലിപ്പിക്കുക. മദ്റസയിലെ അധ്യാപകരെയോ പുറത്തുനിന്നുള്ള അധ്യാപകരെയോ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്. രണ്ടാം ടേമിലും 3ാം ടേമിലും ഇതേ രീതിയിൽ ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്. ഈ രണ്ട് ക്യാമ്പിലുമായി മുഴുവൻ വിദ്യാർഥികളെയും പ്രായോഗിക പരിശോധന നടത്തി വ്യക്തിപരമായി നിർദേശങ്ങളും തിരുത്തലുകളും വരുത്തി നമസ്കാരത്തിന്റെ നിർവഹണ രീതി ഉറപ്പിക്കേണ്ടതാണ്.

**● സ്വാതന്ത്ര്യദിനാഘോഷം**
ദേശീയ ബോധവും മതേതരത്വവും വളർത്തുന്ന രീതിയൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുക. കളറിംഗ് മത്സരം, പ്രശ്നോത്തരി, പ്രസംഗ മത്സരം തുടങ്ങിയവ ഉൾപ്പെടുത്താം. പതാക ഉയർത്തൽ മറ്റു ആഘോഷ പരിപാടികൾ മാനേജ്മെന്റിന്റെയും രക്ഷിതാക്കളുടെയും സാന്നിധ്യത്തിൽ സംഘടിപ്പിക്കാനും ശ്രദ്ധിക്കുക.

## ● സർഗോത്സവ്
വിദ്യാർഥികളുടെ സർഗശേഷി വർധിപ്പിക്കുന്നതിനായി നടത്തുന്ന സർഗോത്സവ് മദ്റസ/ശാഖാ തലത്തിലും മണ്ഡലം, ജില്ല, സംസ്ഥാന തലത്തിലുമാണ് നടക്കുക. വിവിധ മത്സര ഇനങ്ങളിൽ കഴിവു തെളിയിക്കാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കുന്ന ഈ പരിപാടി വളരെ ഭംഗിയായും കൃത്യതയോടെയും സംഘടിപ്പിക്കാം. ഒന്നിടവിട്ട വർഷങ്ങളിൽ നടത്തുന്ന ഈ പരിപാടി പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കാൻ ശ്രദ്ധിക്കുക.

## ● കായികമേള
ഒക്ടോബർ 12ന് കായികമേള സംഘടിപ്പിക്കുക. കിഡ്സ് (1,2 ക്ലാസുകൾ) സബ്ജൂനിയർ(3,4 ക്ലാസുകൾ) ജൂനിയർ (5,6,7,8 ക്ലാസുകൾ) എന്നിങ്ങനെ കുട്ടികളെ വിവിധ വിഭാഗങ്ങളാക്കി അനുയോജ്യമായ കായിക മൽസരങ്ങൾ സംഘടിപ്പിക്കുക. കായികരംഗത്ത് നേട്ടങ്ങൾ കൈവരിച്ച ഏതെങ്കിലും ഒരു വ്യക്തിയെക്കൊണ്ട് കായികമേള ഉദ്ഘാടനം ചെയ്യിക്കുക. വാർഡ് മെമ്പറെക്കൊണ്ടോ മറ്റോ അന്ന്തന്നെ സമ്മാനങ്ങൾ വിതരണം ചെയ്യുക. ഇത്തരം പ്രവർത്തനങ്ങളിൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും പ്രാദേശിക നേതൃത്വത്തിന്റെയും സഹകരണവും സാന്നിധ്യവും ഉറപ്പുവരുത്തുക.

## ● അറബിഭാഷാ ദിനാചരണം
ലോക അറബിഭാഷാ ദിനാചരണത്തിന്റെ ഭാഗമായി 2024 ഡിസംബർ 18ന് അറബി ഭാഷയെ പരിപോഷിപ്പിക്കുന്ന പ്രത്യേക പരിപാടികളും ഭാഷാ പ്രദർശനവും സംഘടിപ്പിക്കാവുന്നതാണ്. ഓരോ സ്ഥാപനത്തിന്റെയും സാഹചര്യമനുസരിച്ച് വൈവിധ്യമാർന്ന മറ്റു പരിപാടികളും സംഘടിപ്പിക്കാം.

## ● പഠനയാത്ര
വിദ്യാർഥികൾക്ക് യാത്രാസംബന്ധമായ മര്യാദകൾ ഗ്രഹിക്കത്തക്ക വിധം പഠനയാത്രകൾ സംഘടിപ്പിക്കുക. ഡിസംബർ മാസത്തിലെ സൗകര്യപ്രദമായ ഏതെങ്കിലും ദിവസത്തിൽ ഇതു നടത്താവുന്നതാണ്. യാത്രാവേളയിലെ ഇസ്‌ലാമിക ചിട്ടകൾ, അനുഷ്ഠാന കാര്യങ്ങൾ, നമസ്കാരക്രമം എന്നിവയിൽ പരിശീലനം ലഭ്യമാവുന്ന തരത്തിലായിരിക്കണം യാത്ര. യാത്രയ്ക്കുശേഷം യാത്രാവിവരണം തയ്യാറാക്കൽ മത്സരവും സംഘടിപ്പിക്കാവുന്നതാണ്.

## ● വിചാരം വിജ്ഞാന പരീക്ഷ
സി ഐ ഇ ആർ പാഠ്യപദ്ധതികളെക്കുറിച്ച് മാതാക്കൾക്ക് അവബോധം നൽകുന്നതിനും മതവിദ്യാഭ്യാസ രംഗത്ത് ശക്തമായ പിന്തുണ നൽകാൻ മാതാക്കളെ പ്രേരിപ്പിക്കുന്നതിനും വേണ്ടി നടത്തുന്ന വിചാരം വിജ്ഞാന പരീക്ഷകളിൽ മാതാക്കളെ പങ്കെടുപ്പിക്കാൻ ഓരോ സ്ഥാപനവും നേതൃത്വം നൽകുക.

## ● റിപ്പബ്ലിക് ദിനാഘോഷം
രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പരസ്പര സ്നേഹവും സഹകരണവും വളർത്തേണ്ടതി

ന്റെ ബാധ്യതയും ബോധ്യപ്പെടുത്തിക്കൊണ്ട് പ്രത്യേക അസംബ്ലി വിളിച്ച് ഉദ്ബോധനം നടത്തുകയും മറ്റ് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.

**● മാഗസിൻ പ്രകാശനം**

കുട്ടികളുടെ രചനാ വൈഭവങ്ങൾ പരിപോഷിപ്പിക്കുന്നതിന്നായി കുട്ടികളുടെ സൃഷ്ടികൾ ശേഖരിച്ചുകൊണ്ട് കയ്യെഴുത്ത് മാഗസിൻ നിർമിക്കുക. കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എഡിറ്റോറിയൽബോഡിന് പൂർണ ചുമതല നൽകിക്കൊണ്ട് കുട്ടികൾതന്നെ നിർമിക്കുന്ന രൂപത്തിലാണ് ഇത് തയ്യാറാക്കേണ്ടത്. ഫെബ്രുവരി 16ന് പ്രമുഖ വ്യക്തികളെ അതിഥികളായി ക്ഷണിച്ച്. ഇതിന്റെ പ്രകാശനം നിർവഹിക്കുക. മാഗസിന്റെ കോപ്പി സംസ്ഥാന സമിതിക്ക് നൽകുക.

**● പ്രതിഭ പരീക്ഷ**

സി ഐ ഇ ആർ മദ്റസകളിലെ ആറാംക്ലാസ് വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രതിഭ പരീക്ഷ പ്രാഥമിക മത്സരം മദ്റസയിൽ ഡിസംബർ മാസം നടത്തി സംസ്ഥാന തലത്തിലേക്ക് യോഗ്യരായവരെ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്. ഫെബ്രുവരി 23ന് സംസ്ഥാനതല മത്സരം നടക്കുന്നതാണ്. (ഇൻശാഅല്ലാഹ്)

**● ക്വുർആൻ ക്വിസ്**

വിദ്യാർത്ഥികളിൽ ക്വുർആനുമായി ആത്മബന്ധം സൃഷ്ടിച്ചെടുക്കാനുതകുന്ന വിധം ക്വുർആനിലെ വിഷയങ്ങൾ പ്രശ്നോത്തരിയായി നടത്തുന്നു. ക്വുർആൻ പഠനത്തിന് പ്രോത്സാഹനം നൽകുന്ന വിധം പരിപാടി സംഘടിപ്പിക്കുക. കുട്ടികളുടെ ക്ലാസ് പരിഗണിച്ച് രണ്ടോ മൂന്നോ വിഭാഗങ്ങളായി തിരിച്ച് മത്സരങ്ങൾ സംഘടിപ്പിക്കാം. വിജയികൾക്കും പങ്കാളികൾക്കും ആകർഷകമായ സമ്മാനങ്ങൾ നൽകുന്നത് ഉചിതമാവും.

**● തജ്‌വീദ്, ഹിഫ്ദ് മത്സരം**

ക്വുർആൻ പഠനത്തിനും മനപ്പാഠമാക്കുന്നതിനും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ മത്സരം സംഘടിപ്പിക്കുക. തജ്‌വീദ് നിയമങ്ങൾ അനുസരിച്ചാണ് ഹിഫ്ദ് മത്സരം വിലയിരുത്തേണ്ടത്. മത്സരാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകിയും ഇമാം നിൽക്കാൻ അവസരം നൽകിയും കൂടുതൽ പ്രോത്സാഹനം നൽകാം.

# പാഠപുസ്തകങ്ങൾ

| ക്ലാസ് | വിഷയം | പുസ്തകം |
|---|---|---|
| LKG | ഭാഷ | അസാഹീറുൽ അറബിയ്യ ഭാഗം 1 |
| UKG | ഭാഷ | അസാഹീറുൽ അറബിയ്യ ഭാഗം 2 |
| I | ഭാഷ | അൽഅറബിയ്യ ലിൽ അത്വ്ഫാൽ ഭാഗം 1 |
| | ഇസ്‌ലാമിക ബാലപാഠങ്ങൾ | ഇസ്‌ലാമിക ബാലപാഠങ്ങൾ ഭാഗം 1 |
| II | ഭാഷ | അൽഅറബിയ്യ ലിൽ അത്വ്ഫാൽ ഭാഗം 2 |
| | ഇസ്‌ലാമിക ബാലപാഠങ്ങൾ | ഇസ്‌ലാമിക ബാലപാഠങ്ങൾ ഭാഗം 2 |
| III | ഭാഷ | അൽഅറബിയ്യ ലിൽ അത്വ്ഫാൽ ഭാഗം 3 |
| | ഇസ്‌ലാമിക ബാലപാഠങ്ങൾ | ഇസ്‌ലാമിക ബാലപാഠങ്ങൾ ഭാഗം 3 |
| IV | ഭാഷ | അൽഅറബിയ്യ ലിൽ അത്വ്ഫാൽ ഭാഗം 4 |
| | അനുഷ്ഠാന കർമങ്ങൾ | ഇസ്‌ലാമിക ബാലപാഠങ്ങൾ 'അനുഷ്ഠാനം' |
| | വിശ്വാസവും സ്വഭാവവും | ഇസ്‌ലാമിക ബാലപാഠങ്ങൾ 'സംസ്കാരം' |
| | ക്വുർആൻ പാരായണ നിയമങ്ങൾ | തജ്‌വീദ് ഭാഗം 1 |
| V | ഭാഷ | അൽഅറബിയ്യ ലിൽ അത്വ്ഫാൽ ഭാഗം 5 |
| | വിശ്വാസവും സ്വഭാവവും | ഇസ്‌ലാമിക ബാലപാഠങ്ങൾ 'സംസ്കാരം' |
| | അനുഷ്ഠാന കർമങ്ങൾ | ഇസ്‌ലാമിക ബാലപാഠങ്ങൾ 'അനുഷ്ഠാനം' |
| | ചരിത്രം | ഇസ്‌ലാമിക ബാലപാഠങ്ങൾ 'ചരിത്രം' |
| | ക്വുർആൻ പാരായണ നിയമങ്ങൾ | തജ്‌വീദ് ഭാഗം 2 |
| VI | ഭാഷ | അൽഅറബിയ്യ: ലിൽ അത്വ്ഫാൽ ഭാഗം 6 |
| | വിശ്വാസവും സ്വഭാവവും | ഇസ്‌ലാമിക ബാലപാഠങ്ങൾ 'സംസ്കാരം' |
| | അനുഷ്ഠാന കർമങ്ങൾ | ഇസ്‌ലാമിക ബാലപാഠങ്ങൾ 'അനുഷ്ഠാനം' |
| | ചരിത്രം | ഇസ്‌ലാമിക ബാലപാഠങ്ങൾ 'ചരിത്രം' |
| | ക്വുർആൻ പാരായണ നിയമങ്ങൾ | തജ്‌വീദ് ഭാഗം 3 |
| VII | ഭാഷ | അൽഅറബിയ്യ: ലിൽ അത്വ്ഫാൽ ഭാഗം 7 |
| | അനുഷ്ഠാന കർമങ്ങൾ | ഇസ്‌ലാമിക ബാലപാഠങ്ങൾ 'അനുഷ്ഠാനം' |
| | വിശ്വാസവും സ്വഭാവവും | ഇസ്‌ലാമിക ബാലപാഠങ്ങൾ 'സംസ്കാരം' |
| | ചരിത്രം | ഇസ്‌ലാമിക ബാലപാഠങ്ങൾ 'ചരിത്രം' |
| VIII | ഭാഷ | ദുറൂസുൽ അറബിയ്യ വൽ ഇസ്‌ലാമിയ്യ |
| | വിശ്വാസം, സ്വഭാവം, അനുഷ്ഠാനം | ഇസ്‌ലാമിക പാഠങ്ങൾ |

ഓരോ ക്ലാസുകളിലെയും സിലബസ്സനുസരിച്ച് ഹിഫ്ള്, ക്വുർആൻ, തർജുമ, തജ്‌വീദ് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. 2, 3,4 ക്ലാസുകൾക്ക് വർക്കുബുക്കുകൾ ഉപയോഗപ്പെടുത്താം. അധ്യാപകർ ഓരോ ക്ലാസിലെയും ഹാന്റ്ബുക്കുകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

# الخطة السنوية ٢٠٢٤–٢٠٢٥م

# YEAR PLAN 2024 - 2025

| الصف الأول | | | |
|---|---|---|---|
| | الدور الأول | الدور الثاني | الدور الثالث |
| العربية للأطفال | الوحدة الأولى<br>الوحدة الثانية<br>الوحدة الثالثة | الوحدة الرابعة<br>الوحدة الخامسة<br>الوحدة السادسة<br>الوحدة السابعة | الوحدة الثامنة<br>الوحدة التاسعة<br>الوحدة العاشرة<br>التكرار |
| الدروس الإسلامية | الدروس<br>١،٢،٣<br>٤،٩،١٣<br>٢٠،٢١ | الدروس<br>٥،٦<br>٧،٨<br>١٤،١٥،١٦،٢٢،٢٣ | الدروس<br>١٠،١١،١٢<br>١٧،١٨،١٩<br>٢٤،٢٥،٢٦<br>التكرار |
| تجويد القرآن | سورة الفاتحة<br>سورة الإخلاص<br>سورة الفلق<br>سورة الناس<br>(للإستماع) | سورة المسد<br>سورة النصر<br>سورة الكافرون<br>سورة الكوثر<br>(للاستماع)<br>سورة الفاتحة (للتلاوة) | سورة الماعون<br>سورة قريش سورة الفيل<br>سورة الهُمَزَة<br>سورة العصر (للإستماع)<br>سورة الناس سورة الفلق<br>الإخلاص (للتلاوة) |
| الحفظ | كلمتا الشهادة<br>بسم الله<br>الحمد لله | سبحان الله<br>الله اكبر<br>لااله إلا الله | سورة الفاتحة |

# الخطة السنوية ٢٠٢٤-٢٠٢٥م

# YEAR PLAN 2024 - 2025

| الصف الثاني | | | |
|---|---|---|---|
| | الدور الأول | الدور الثاني | الدور الثالث |
| العربية للأطفال | تكرار ما سبق من<br>الصف الأول<br>الوحدة الأولى | الوحدة الثانية<br>الوحدة الثالثة | الوحدة الرابعة<br>الوحدة الخامسة<br>التكرار |
| الدروس الإسلامية | الدروس ١ – ٤ | الدروس ٥–٨ | الدروس ٩–١٢ |
| تجويد القرآن | سورة الفاتحة<br>سورة الناس<br>إلى سورة الإخلاص<br>المسد، النصر ، الكافرون<br>الكوثر ، الماعون،<br>قريش، الفيل<br>(للإستماع والتلاوة) | سورة الهمزة<br>سورة العصر ، التكاثر<br>القارعة، العاديات<br>سورة الزلزلة<br>(للإستماع والتلاوة) | سورة البينة، القدر ،العلق<br>التين، الشرح، الضحى<br>الليل، الشمس، البلد<br>(للإستماع والتلاوة) |
| الحفظ | سورة الفاتحة<br>سورة الناس<br>سورة الفلق<br>سورة الإخلاص<br>الأذان والاقامة | دعاء الإفتتاح<br>سورة الكافرون<br>سورة النصر<br>سورة المسد<br>التحيات | الصلواة على النبي<br>سورة قريش<br>سورة الماعون<br>سورة الكوثر |

# الخطة السنوية ٢٠٢٤-٢٠٢٥م
# YEAR PLAN 2024 - 2025

| الصف الثالث | | | |
|---|---|---|---|
| | الدور الأول | الدور الثاني | الدور الثالث |
| العربية للأطفال | تكرار ما سبق من الصف الأول والثانية، الوحدة الأولى | الوحدة الثانية<br>الوحدة الثالثة | الوحدة الرابعة<br>الوحدة الخامسة |
| الدروس الإسلامية | الدروس ١ – ٦ | الدروس ٧–١٣ | الدروس ١٤–١٧ |
| تجويد القرآن | تكرار ما سبق في الصف الثاني<br>الطارق البروج، الإنشقاق<br>المطففين، الإنفطار<br>التكوير، عبس<br>النازعات، النبأ | سورة المرسلات<br>الإنسان<br>القيامة | سورة المدثر<br>المزمل، الجن<br>نوح |
| ترجمة القرآن | سورة الفاتحة | سورة الناس<br>سورة الفلق | سورة الإخلاص<br>سورة المسد |
| الحفظ | سورة الفيل<br>العصر، التكاثر<br>القارعة، العادية<br>الدعاء في الصلاة | سورة الزلزلة، البينة<br>القدر، العلق<br>التين، الشرح<br>الدعاء بعد الافطار | سورة الضحى، الليل<br>الشمس<br>الدعاء بعد الصلاة |

# الخطة السنوية ٢٠٢٤-٢٠٢٥م

# YEAR PLAN 2024 - 2025

| الصف الرابع | | | |
|---|---|---|---|
| | الدور الأول | الدور الثاني | الدور الثالث |
| العربية للأطفال | الوحدة الأولى | الوحدة الثانية<br>الوحدة الثالثة | الوحدة الرابعة<br>الوحدة الخامسة |
| الدروس الإسلامية സംസ്കാരം | الدروس ١ –٤ | الدروس ٥–٨ | الدروس ٩–١٢ |
| الدروس الإسلامية അനുഷ്ഠാനം | الدروس ١ –٤ | الدروس ٥–٨ | الدروس ٩–١٠ |
| الدروس الإسلامية അഖ്ലാഖ് | الدروس ١ –٣ | الدروس ٤،٥،٦ | الدروس ٧،٨ |
| تجويد القرآن | سورة المعارج<br>الحاقة، القلم<br>الملك | سورة التحريم<br>الطلاق، التغابن<br>المنافقون،الجمعة | سورة الصف<br>الممتحنة، الحشر<br>المجادلة |
| ترجمة القرآن | سورة النصر<br>سورة الكافرون | سورة الكوثر<br>آية الكرسي | سورة الماعون<br>سورة القريش |
| الحفظ | سورة القارعة، العاديات<br>الزلزلة، البينة، القدر<br>الدعاء عند المريض<br>الدعاء بعد الأكل | سورة العلق، التين<br>الشرح، الضحى، الليل<br>الدعاء عند قضاء الحاجة<br>الدعاء عند اللباس | سورة الشمس، البلد،<br>الفجر ، الغاشية، الأعلى<br>الدعاء في الصلاة<br>الدعاء بعد الصلاة |

# الخطة السنوية ٢٠٢٤–٢٠٢٥م

# YEAR PLAN 2024 - 2025

## الصف الخامس

| | الدور الأول | الدور الثاني | الدور الثالث |
|---|---|---|---|
| العربية للأطفال | الوحدة الأولى | الوحدة الثانية<br>الوحدة الثالثة | الوحدة الرابعة<br>الوحدة الخامسة |
| الدروس الإسلامية സംസ്കാരം | الدروس ١ –٤ | الدروس ٥–٩ | الدروس ١٠–١٢ |
| الدروس الإسلامية അനുഷ്ഠാനം | الدروس ١ –٤ | الدروس ٥–٧ | الدروس ٨–١٠ |
| الدروس الإسلامية ചരിത്രം | الدروس ١ –٨ | الدروس ٩–١٥ | الدروس ١٦–١٩ |
| الدراسات الإسلامية തജ്‌വീദ് | تكرار ما سبق من الصف الرابع<br>الدروس ١ | الدروس ٢ و ٣ | الدروس ٤ ،٥ |
| تجويد القرآن | من سورة الطور<br>الى سورة الحديد | من سورة الاحقاف<br>الى سورة الداريات | من سورة الشورى<br>الى سورة الجاثية |
| ترجمة القرآن | سورة الفيل<br>سورة الهمزة<br>سورة العصر | سورة التكاثر<br>سورة القارعة<br>سورة العاديات | سورة الزلزلة<br>سورة البينة |
| الحفظ | سورة الشرح<br>الضحى، الليل، الشمس<br>الدعاء فى سجود التلاوة | سورة البلد، الفجر،<br>الغاشية، الأعلى<br>الدعاء بعد الوضوء | سورة الطارق، البروج<br>الإنشقاق |

# الخطة السنوية ٢٠٢٤-٢٠٢٥م

# YEAR PLAN 2024 - 2025

| الصف السادس | | | |
|---|---|---|---|
| | الدور الأول | الدور الثاني | الدور الثالث |
| العربية للأطفال | الوحدة الأولى | الوحدة الثانية<br>الوحدة الثالثة | الوحدة الرابعة<br>الوحدة الخامسة |
| الدروس الإسلامية സംസ്കാരം | الدرس الأول | الدرس الثاني<br>والثالث | الدرس الرابع<br>الدرس الخامس |
| الدروس الإسلامية അനുഷ്ഠാനം | الدروس ١ -٣ | الدروس ٤-٧ | الدروس ٨-١٠ |
| الدروس الإسلامية ചരിത്രം | الدروس ١ -٣ | الدروس ٤-٨ | الدروس ٩-١٥ |
| الدراسات الإسلامية അഖ്ലാഖ് | تكرار ما سبق من<br>الصف الرابع والخامس<br>الدرس ٢،١ | الدروس ٤،٣ | الدروس ٦،٥<br>التكرار |
| تجويد القرآن | سورة فصلت، غافر،<br>الزمر، ص الصافات | سورة يس، فاطر، سبأ، السجدة<br>لقمان، الروم، الأحزاب | سورة العنكبوت، القصص<br>النمل، الشعراء، الفرقان |
| ترجمة القرآن | سورة القدر<br>سورة العلق | سورة الشرح<br>سورة التين | سورة الضحى<br>سورة الليل |
| الحفظ | سورة الانفطار<br>سورة المطففين<br>الادعية الواردة<br>من الدراسات الاسلامية | سورة عبس<br>سورة التكوير | سورة النبأ<br>سورة النازعات |

# الخطة السنوية ٢٠٢٤–٢٠٢٥م

# YEAR PLAN 2024 - 2025

## الصف السابع

| | الدور الأول | الدور الثاني | الدور الثالث |
|---|---|---|---|
| العربية للأطفال | الوحدة الأولى | الوحدة الثانية<br>الوحدة الثالثة | الوحدة الرابعة<br>الوحدة الخامسة |
| الدروس الإسلامية സംസ്കാരം | الدرس الأول | الدرس الثاني | الدرس الثالث<br>و الرابع |
| الدروس الإسلامية അഖ്ലാഖ് | الدرس الأول<br>والثاني | الدرس الثالث<br>والرابع | الدرس الخامس |
| الدروس الإسلامية ഫിഖ്ഹ് | الدروس ١ –٤ | الدروس ٥–٨ | الدروس ٩–١٢ |
| الدراسات الإسلامية അഖീദ് | التكرار من<br>الصف الرابع | التكرار من<br>الصف الخامس | التكرار من<br>الصف السادس |
| تجويد القرآن | سورة الأنبياء<br>طه، مريم | سورة الكهف الإسراء<br>النحل، الحجر | سورة ابراهيم، الرعد<br>يوسف، هود، يونس<br>التوبة |
| ترجمة القرآن | سورة الشمس<br>سورة البلد | سورة الفجر<br>سورة الغاشية | سورة الأعلي<br>سورة الطارق |
| الحفظ | عباد الرحمن<br>سورة الجمعة | وصية لقمان<br>سورة المنافقون | سورة السجدة |

# الخطة السنوية ٢٠٢٤-٢٠٢٥م

# YEAR PLAN 2024 - 2025

| الصف الثامن | | | |
|---|---|---|---|
| | الدور الأول | الدور الثاني | الدور الثالث |
| العربية للأطفال | الوحدة الأولى | الوحدة الثانية<br>الوحدة الثالثة | الوحدة الرابعة |
| ഇസ്‌ലാമിക പാഠങ്ങൾ | الدروس<br>١،٤،٥،٩،١٠ | الدروس<br>٢،٦،٧،١١،١٢ | الدروس<br>٣،٨،١٣،١٤ |
| تجويد القرآن | الأنفال، الأعراف<br>الأنعام | سورة المائدة<br>النساء، ال عمران | سورة البقرة |
| ترجمة القرآن و التفسير | سورة الحجرات<br>١-٨ آية | سورة الحجرات<br>٩-١٣ | سورة الحجرات<br>١٤-١٨ |
| الحفظ | سورة يس<br>من الأول إلى النصف | سورة يس<br>من الوسط<br>إلى الآخر | ثلاث آيات من آخر<br>سورة البقرة |

CIER
CIG Building, RM Road, Kozhikode -2, Kerala
Tel: +91 495 2701 595, 2701 804
E mail: cierbooks@gmail.com,  Web: www.cier.co.in